Malappuram District Police

# മതസ്പർധയുണ്ടാക്കാൻ ക്ഷേത്രത്തിലേക്ക് കക്കൂസ് മാലിന്യം എറിഞ്ഞു: മലപ്പുറത്ത് ഒരാൾ അറസ്റ്റില്

**വളാഞ്ചേരി: (31.08.2019)**

മതസ്പർധയുണ്ടാക്കാന് ക്ഷേത്രത്തിലേക്ക് കക്കൂസ് മാലിന്യം എറിഞ്ഞു: മലപ്പുറത്ത് ഒരാൾ അറസ്റ്റിൽമതസ്പര്ധ വളര്ത്താന് ക്ഷേത്രത്തിലേക്ക് കക്കൂസ് മാലിന്യം എറിഞ്ഞയാളെ പോലീസ് അറസ്റ്റ് ചെയ്തു. ശാന്തി നഗര് വടക്കുംപുറം സികെ പാറ സ്വദേശി രാമകൃഷ്ണന് (50 വയസ്സ്) ആണ് അറസ്റ്റിലായത്. മലപ്പുറം ജില്ലയിലെ വടക്കുംപുറം ക്ഷേത്രത്തിലേക്കാണ് ഇയാള് മാലിന്യം വലിച്ചെറിഞ്ഞത്. ഓഗസ്റ്റ് 26ന് രാത്രി ഒന്പത് മണിക്കാണ് കേസിനാസ്പദമായ സംഭവം നടന്നത്. ക്ഷേത്ര പരിസരത്തേക്ക് ഇയാള് മനുഷ്യ വിസര്ജ്യം കവറിലാക്കി വലിച്ചെറിയുകയായിരുന്നു. ക്ഷേത്രത്തില് നാഗപൂജ ചെയ്യുന്ന ചിത്രകൂടവും ബ്രഹ്മരക്ഷസിന്റെ പൂജ വിഗ്രഹവും അലങ്കോലപ്പെടുത്തുകയും ചെയ്തിരുന്നു.

സൈബർ സെല്ലിന്റെ സഹായത്തോടെയാണ് പ്രതിയെ പിടികൂടിയത്. പ്രതിയെ തിരൂര് ജുഡീഷ്യല് മജിസ്‌ട്രേറ്റ് കോടതിയില് ഹാജരാക്കി.